**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** | **29-08-2022 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ നിലവിൽ ഭൂരഹിതരും ഭവനരഹിതരും വൈദ്യുതീകരിക്കാത്ത വീട്ടുള്ളവരും ആയ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഏറനാട് മണ്ഡലത്തിൽ നിലവിൽ പട്ടികജാതിക്കാരായ 258 ഭൂരഹിതരും 594 ഭവനരഹിതരും വൈദ്യുതീകരിക്കാത്ത 17 വീടുകളും പട്ടികവർഗക്കാരായ 172 ഭൂമിയുള്ള ഭവന രഹിതരും 96 ഭൂരഹിതരും 87 വൈദ്യുതീകരിക്കാത്ത വീടുകളുമാണുള്ളത്. |
| (ബി) | എങ്കിൽ ഇവർക്ക് ഭൂമിയും വീടും നൽകുന്നതിനും, വീട് വൈദ്യുതീകരിച്ച് നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഏറനാട് മണ്ഡലത്തിൽ 67 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും ലൈഫ് മിഷൻ വഴിയാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. ഭവനം വൈദ്യുതീകരിക്കുന്ന പദ്ധതി നിലവിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നില്ല.<br><br>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി വീടും സ്ഥലവും അനുവദിച്ച് നൽകുന്നതിനും ഈ വർഷത്തെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി വീടുകൾ വൈദ്യുതീകരിച്ചു നൽകുന്നതിനുമുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ